**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1441** **12-02-2025 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചിലയിടങ്ങളിൽ നോക്കുകൂലി സമ്പ്രദായം തുടരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശങ്ങൾ 30/04/2018 ലെ സ.ഉ (സാധാ) നം.511/2018/ തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ചെയ്യാത്ത ജോലിയ്ക്ക് കൂലി ആവശ്യപ്പെടുന്നത് നിയമ വിരുദ്ധമാണെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒറ്റപ്പെട്ട ചില സംഭവങ്ങൾ മാത്രമാണ് ഉണ്ടാകുന്നത്. നോക്കുകൂലി അമിതകൂലി എന്നിവ വാങ്ങുന്നതായി പരാതി ലഭിച്ചാൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി തൊഴിലാളികൾ കുറ്റം ചെയ്തതായി ബോദ്ധ്യപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 (എ) (4) അനുശാസിക്കുന്ന വിധത്തിൽ ബന്ധപ്പെട്ട തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഇത്തരം സംഭവങ്ങളിൽ ഉൾപ്പെട്ട തൊഴിലാളികൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശങ്ങൾ 30/04/2018 ലെ സ.ഉ (സാധാ) നം.511/2018/ തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ചെയ്യാത്ത ജോലിയ്ക്ക് കൂലി ആവശ്യപ്പെടുന്നത് നിയമ വിരുദ്ധമാണെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒറ്റപ്പെട്ട ചില സംഭവങ്ങൾ മാത്രമാണ് ഉണ്ടാകുന്നത്. നോക്കുകൂലി അമിതകൂലി എന്നിവ വാങ്ങുന്നതായി പരാതി ലഭിച്ചാൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി തൊഴിലാളികൾ കുറ്റം ചെയ്തതായി ബോദ്ധ്യപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 (എ) (4) അനുശാസിക്കുന്ന വിധത്തിൽ ബന്ധപ്പെട്ട തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | നിക്ഷേപ സൗഹൃദാന്തരീക്ഷവും തൊഴിലാളി സംഘടനകളുടെ സഹകരണവും ഉറപ്പാക്കി നോക്കുകൂലി സമ്പ്രദായം പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്നതിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | നോക്കുകൂലി ആവശ്യപ്പെട്ടു എന്ന പരാതികളിൽ അന്വേഷണം നടത്തുമ്പോൾ ഭൂരിഭാഗവും ചുമട്ടുതൊഴിലാളികൾ ഉൾപ്പെടുന്ന പ്രശ്നങ്ങളല്ല എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലി ഉൾപ്പെടെയുള്ള അനാവശ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും പരാതികളിൽ അടിയന്തിരമായി പരിഹാരം കണ്ടെത്തുന്നതിനും തൊഴിൽ വകുപ്പ് തൊഴിൽ സേവാ ആപ്പ് എന്ന മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ ഹെഡ് ലോഡ് നിരക്കുകളും, വകുപ്പുമായി ബന്ധപ്പെട്ട പതിവ് ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലിയും അവയുടെ ഉത്തരങ്ങളും ആപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടി ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ചുമട്ടുതൊഴിൽ സംബന്ധമായ പരാതികൾ സമർപ്പിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്പ് വഴി പരാതികൾ രജിസ്റ്റർ ചെയ്യപ്പെട്ട ഉടനെ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ അടിയന്തരമായി സംഭവ സ്ഥലത്തെത്തി പ്രശ്നത്തിൽ ഇടപെടുകയും പ്രശ്ന പരിഹാരത്തിന് ശ്രമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ